

## രണ്ട് ലോക മഹായുദ്ധങ്ങൾ എന്തിനുണ്ടായി?

തുടർച്ച 05 പേജിൽ ▶▶▶

CHRISTIAN NEWS | AUG 2019

http://theendtimenews.com/

# ദി എൻഡ് ടൈം ന്യൂസ്

ദി വേക്ക് അപ്പ് - കോൾ

Volume 02 Issue No:19 Pages:13 Reg: TVM/1717/2014, Established:USA, Published from:India

## ഐപിസി ഫാമിലി കോൺഫ്രൻസ് 2020 ൽ ഒക്കലഹോമയിൽ

### പാസ്റ്റർ പി. സി. ജേക്കബ് നാഷണൽ ചെയർമാൻ



വാർത്ത : നിബു വെള്ളവന്താനം

**ഒക്കലഹോമ:** വടക്കേ അമേരിക്കയിലും കാനഡയിലുമുള്ള ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ 18 മത് കുടുംബ സംഗമം ഒക്കലഹോമയിൽ വെച്ച് നടത്തപ്പെടും. 2020 ജൂലൈ 30 വ്യാഴം മുതൽ ആഗസ്റ്റ് 2 ഞായർ വരെ നോർമൻ എംബസി സ്യൂട്ട് ഹോട്ടൽ സമുച്ചയത്തിൽ വെച്ച് നടത്തപ്പെടുന്ന കോൺഫ്രൻസിന്റെ ചിന്താവിഷയം "അതിരുകളില്ലാത്ത ദർശനം" എന്നതായിരിക്കും. വിശുദ്ധി, ദൗത്യം, നിത്യത എന്നിവയിലേയ്ക്കുള്ള ദർശനമായിരിക്കും ഉപവിഷയങ്ങൾ.

കോൺഫ്രൻസിന്റെ നാഷണൽ ഭാരവാഹികളായി പാസ്റ്റർ പി. സി. ജേക്കബ് (നാഷണൽ ചെയർമാൻ) ബ്രദർ ജോർജ്ജ് തോമസ് (നാഷണൽ സെക്രട്ടറി) ബ്രദർ തോമസ് കെ വർഗീസ് (നാഷണൽ ട്രഷറാർ) സിസ്റ്റർ ഗ്രേസ് സാമുവൽ (ലേഡീസ് കോർഡിനേറ്റർ) ബ്രദർ ജസ്റ്റിൻ ഫിലിപ്പ് (യൂത്ത് കോർഡിനേറ്റർ) എന്നിവരെ തിരഞ്ഞെടുത്തു.

നാഷണൽ ചെയർമാനായി തിരഞ്ഞടുക്കപ്പെട്ട പാസ്റ്റർ പി. സി. ജേക്കബ് ഒക്കലഹോമ ഫസ്റ്റ് ഐപിസി സഭയുടെ സീനിയർ പാസ്റ്ററായി സേവനം അനുഷ്ഠിക്കുന്നു. ഐപിസി മിഡ് വെസ്റ്റ് റീജിയന്റെയും ഐ സി പി എഫ് യു എസ് എയുടെയും മുൻ സെക്രട്ടറിയാണ്. നില

തുടർച്ച 09 പേജിൽ

## പ്രൊലൈഫ് നയം ഹംഗറിയിൽ വീണ്ടും; മൂന്നും അതിൽ കൂടുതലും കുട്ടികളുള്ളവർക്ക് 33000 ഡോളർ

ഹംഗറിയിൽ വിവാഹിതരാകുന്ന ദമ്പതികൾക്ക് 33,000 ഡോളർ ലോണായിട്ട് നൽകുന്നതെങ്കിലും മൂന്ന് കുട്ടികളായാൽ പണം തിരികെ അടയ്ക്കേി വരില്ല. ക്രിസ്തീയ വിശ്വാസം മുറുകെ പിടിക്കുന്ന പ്രധാനമന്ത്രി വിക്ടർ ഓർബാന്റെ തീരുമാനം മാധ്യമങ്ങളിൽ ഇടം നേടുന്നു. രാജ്യത്തെ ജനസംഖ്യ വർദ്ധിപ്പിക്കാൻ പ്രൊലൈഫ് നയത്തിന്റെ അടിസ്ഥാനത്തിൽ ഭരണം നടത്തുന്ന ഭരണകൂടം എടുക്കുന്ന സുപ്രധാന തീരുമാനമാണിത്.

ഏതാ് 2400 ഓളം കുടുംബങ്ങൾ ലോൺ കിട്ടാൻ വേി ഇതിനകം അപേക്ഷിച്ചിട്ടു്. ചെറിയ ഗഡുക്കളായാണ് സർക്കാർ ഓരോ മാസവും പണം നൽകുന്നത്. അഞ്ചു വർഷത്തിനുള്ളിൽ ദമ്പതികൾക്ക് ഒരു കുട്ടിയെങ്കിലും ഉായാൽ ലോണിൻമേലുള്ള പലിശ തിരിച്ചടയ്ക്കേി വരില്ല. മൂന്നു വർഷത്തേയ്ക്ക് ലോൺ തിരിച്ചടയ്ക്കൽ കാലാവധിയും നീട്ടിക്കിട്ടും. ലോണിന് അപേക്ഷിക്കുന്ന ദമ്പതികളിൽ ഒരാൾ എങ്കിലും ആദ്യത്തെ വിവാഹമായിരിക്ക

തുടർച്ച 09 പേജിൽ

## നൈജീരിയയിൽ നൂറുകണക്കിന് ക്രൈസ്തവരുടെ ജീവൻ രക്ഷിച്ച മുസ്ലീം ഇമാമിന് അമേരിക്കയുടെ അവാർഡ്

കഴിഞ്ഞ വർഷം സെൻട്രൽ നൈജീരിയയിൽ നടന്ന ആക്രമണത്തിൽ 262 ക്രൈസ്തവരുടെ ജീവൻ ര ക്ഷിച്ച എൺപത്തിമൂന്നുകാരനായ മുസ്ലീം ഇമാമ അബൂബക്കർ അബ്ദുല്ലാഹിയെ ഈ വർഷത്തെ ഇന്റർ നാഷണൽ റിലീജിയസ് ഫ്രീഡം അവാർഡ് നൽകി യു എസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ആദരിച്ചു. അബ്ദുല്ലാഹിയെ കൂടാതെ 5 പേർ കൂടി 2019 ലെ ഇന്റർ നാഷണൽ റിലീജിയസ് ഫ്രീഡം അവാർഡിന് അർഹരായിട്ടു്. നിസ്വാർത്ഥമായി സ്വന്തം ജീവൻ പണയപ്പെടുത്തിയാണ് ഇതര മതവിഭാഗത്തിൽപ്പെട്ടവരുടെ ജീവൻ അബ്ദുല്ലാഹി രക്ഷിച്ചതെന്നും അദ്ദേഹത്തിന്റെ ഇടപെടൽ ഇല്ലായിരുന്നുവെങ്കിൽ എല്ലാവരും കൊല്ലപ്പെടുമായിരുന്നുവെന്നും സ്റ്റേറ്റ്

തുടർച്ച 09 പേജിൽ



ദി എൻഡ് ടൈം ന്യൂസ്
ദി വേക്ക് അപ്പ് -കോൾ






EDITORIAL BOARD

*CHIEF EDITOR*
Baiju Yacob Edavila

*SUB EDITOR*
Manuel Joseph
Daniel Jacob

*EDITORS*
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

*MANAGER*
Bovas Sreekaryam

*CO-ORDINATORS*
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

*REPORTERS*
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

*ADVISORY BOARD*
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram

*INDIA*
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511

# ചർച്ച് ആക്ട് ബിൽ

**കേ**രള സമൂഹത്തിൽ സജീവചർച്ചാ വിഷയമായ ചർച്ച് ആക്ട് (ദി കേരള ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടസ് ആൻഡ് ഇൻസ്റ്റിറ്റ്യൂഷൻ ട്രസ്റ്റ് ബിൽ) നിയമ സഭയിൽ ചർച്ചയ്ക്ക് കൊടുക്കാതെ മതമേലദ്ധ്യക്ഷന്മാരുടെ പ്രീണനത്തിന് പാത്രമാക്കി. ചർച്ച് ആക്ട് ബിൽ നിയമമായി നടപ്പിൽ വരുന്നതിന് വിഘാതമായി നിൽക്കുന്ന  ക്രിസ്ത്യൻ മതമേലദ്ധ്യക്ഷന്മാർ വിശേഷാൽ കത്തോലിക്കാ വൈദികന്മാരും, മെത്രാന്മാരു, അസിഹിഷ്ണുത പുലർത്തുകയും മർത്തോമ്മാ സഭ, നൂറ്റാണ്ടുകളായി കൈവശം വെച്ച് അനുഭവിച്ച് പോരുന്ന സ്വത്തുവകകളും, സ്ഥാപനങ്ങളും നഷ്ടപ്പെടുമെന്ന ഭീതി തെല്ലൊന്നുമല്ല അവരെ അലട്ടുന്നത്.ഇതിനെ അനുകൂലമാക്കി ചില പ്രസ്ഥാനങ്ങളെ രൂപീകരിച്ചെങ്കിലും ഇവർക്ക്പൊതു ജനവികാരം സ്വരൂപിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല.

ഇന്ത്യൻ ഭരണഘടന 26(സി) വകുപ്പ് എല്ലാ മതവിഭാഗങ്ങൾക്കും സ്വത്തുക്കൾ സമ്പാദിക്കുവാനും, ഭരിക്കുവാനും അനുമതി നൽകുന്നുണ്ടെങ്കിലും ഭൗതികസ്വത്തിന്റെ ബൃഹത്ശേഖരം കൈവശപ്പെടുത്തിയിട്ടുള്ള ക്രൈസ്തവസഭ അവ ജനാധിപത്യ പരമായി കൈകാര്യം ചെയ്യുവാനായി കാലാകാലങ്ങളിൽ മാറിവന്നിട്ടുള്ള സർക്കാരുകൾ നിയമനിർമ്മാണം നടത്തുവാൻ ശ്രമിച്ചിട്ടില്ല. സീറോമലബാർ സഭയുടെ ദുരവസ്ഥയും വിശ്വാസി സമൂഹത്തിന്റെ നിസ്സഹായതയും നാം മാധ്യമങ്ങളിലൂടെ കേൾക്കുകയും കാണുകയും ചെയ്തതാണല്ലോ. പള്ളിസ്വത്തിന്റെ ഭരണം ഇടവക പൊതുയോഗങ്ങളിൽ അവതരിപ്പിക്കപ്പെടണമെന്നത് വിശ്വാസി സമൂഹത്തിൽ നിന്ന് ഉയർന്ന് വന്നതോടെ 2006 ഒക്ടോബറിൽ കോട്ടയത്ത് ചേർന്ന യോഗത്തിൽ സഭാ അംഗങ്ങൾക്കുള്ള ഒരു കരട് രൂപരേഖ ക്രോഡീകരിക്കുകയും (ദി കേരള ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടസ് ആൻഡ് ഇൻസ്റ്റിറ്റ്യൂഷൻ ട്രസ്റ്റ് ബിൽ) എന്ന ലിഖിത നിയമത്തിന് രൂപം നൽകി. പള്ളികളും പള്ളികളോട് ബന്ധപ്പെട്ട വസ്തുവകകളും അതിന്റെ യഥാർത്ഥ ഉടമകളായ ഇടവക ജനതയ്ക്ക് ഏൽപ്പിക്കുന്നതാണ് ചർച്ച് ആക്ട്..നിയമ നിർമ്മാണം. കേരള ക്രൈസ്തവ സഭയുടെ ആസ്ഥികൾ ട്രസ്റ്റുകൾ പോലെയാണ് കൈകാര്യം ചെയ്യപ്പെടുന്നത്. എങ്കിലും നിയമാനുസൃതമായി ഇതുവരെയും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല. വിശ്രാമം കൂടാതെ രണ്ട് ജോലി ചെയ്യുന്നവരുടെയും രണ്ടറ്റം കൂട്ടിമുട്ടിക്കുവാൻ ക്ലേശിക്കുന്നവരുടെയും വിയർപ്പിന്റെയും, ഉപവാസത്തിന്റെയും, പ്രാർത്ഥനയുടെയും, സമർപ്പണത്തിന്റെയും വിലയാണ് ഇത് എന്നിരിക്കെ ഇവ കൈകാര്യം ചെയ്യുന്നത് സുതാര്യമായിട്ടാണ് എന്ന് നാം ഉറപ്പ് വരുത്തേണ്ടത് നമ്മുടെ അവകാശവും കടമയുമാണ്. ദൃഢമായ ലികിത ഭരണവ്യവസ്ഥയും ദൈവഭയവും കളങ്കിതരല്ലാ ഭരണനേതൃത്വവും ഉണ്ടാകേണം എന്നത് ക്രൈസ്തവ വിശ്വാസി സമൂഹത്തിന്റെ വിദൂരസ്വപ്നമാകാതെ ആനുകാലികവും വന്നേക്കാവുന്നതുമായ വിഷയങ്ങളുടെ ഏകപരിഹാരം ചർച്ച് ആക്ട് പാസാക്കുക എന്നതിലേക്ക് വിരൽ ചൂണ്ടുന്നു.



*ബൈജു യാക്കോബ്*
*ഇടവിള*

**Disclaimer**

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.

THE END TIME NEWS
VOICE OF HARVESTING SOULS MISSION







# അപ്പോക്രീഫാ പുസ്തകങ്ങൾ

**കെ. എം. ജോൺ, തളിപ്പറമ്പ്**

66 പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ഒരു മഹൽഗ്രന്ഥമാണ് ബൈബിൾ. ഈ പുസ്തകങ്ങളെല്ലാം ദൈവനിശ്വസിതമാണെന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നതിനാൽ അതിനെ കാനോനികം എന്ന് പറയുന്നു. സഭാപരമായി ആധികാരികത നൽകിയിരിക്കുന്നത് കാനോനികം.

66 പുസ്തകങ്ങൾ കൂടാതെ 75 ഓളം പുസ്തകങ്ങൾ ബൈബിൾ ഭാഗങ്ങളായി കണക്കാക്കുന്നു്. എന്നാൽ 66 പുസ്തകങ്ങൾക്കല്ലാതെ മറ്റൊന്നിനും ആധികാരികത ഇല്ല. അതിന്റെ എഴുത്തുകാർ ആരെന്ന് അറിഞ്ഞുകൂടാ. മറ്റുള്ളവരുടെ പേരിൽ വേറെ ചിലർ എഴുതിയിരിക്കുന്നതുമാണിവയിൽ പലതും. ഇങ്ങനെയുള്ള പുസ്തകങ്ങളെ അപ്പോക്രീഫായെന്ന് വിളിക്കുന്നു.

അപ്പോക്രീഫാ എന്ന വാക്കിന് സത്യമല്ലാത്തത് (സ്യൂഡേഫീഗ്രാഫാ) എന്നർത്ഥം. ഇങ്ങനെ യഥാർത്ഥമല്ലാത്ത നിരവധി പുസ്തകങ്ങളിൽ ചിലത് ദൈവനിശ്വസിതം എന്ന നിലയിൽ വിശുദ്ധവേദപുസ്തകത്തിൽ കൂട്ടിച്ചേർത്തിട്ടു്. അതിനാൽ ഈ പുസ്തകങ്ങളെക്കുറിച്ച് നാം പഠിക്കേിയിരിക്കുന്നു.

പഴയനിയമ അപ്പോക്രീഫാ

നിശബ്ദകാലം എന്നറിയപ്പെടുന്ന ബി.സി400 ന് ശേഷമുള്ള കാലങ്ങളിൽ എഴുതപ്പെട്ട നിരവധി എഴുത്തുകളാണ് ഈ ഗണത്തിൽപ്പെടുന്നത്. യഹൂദ റബ്ബിമാരും, പുതിയനിയമവും ബി.സി 400 ന് ശേഷം ദൈവീക അരുളപ്പാടുകളോ, പ്രവാചകന്മാരോ ഉായിട്ടുള്ളതായി സാക്ഷ്യപ്പെടുത്തുന്നില്ല.

14അപ്പോക്രീഫാ പുസ്തകങ്ങൾ

പ്രധാനമായി 14 പുസ്തകങ്ങളാണ് പഴയനിയമത്തിൽ ചില ബൈബിൾ വിവർത്തനങ്ങളിൽ ചേർത്തിട്ടുള്ളത്.

പ്രഭാഷകൻ(സിറാക്ക്), ജ്ഞാനം, 1മക്കാബയർ, 2മക്കാബയർ, തോബിത്ത്, യൂദിത്ത്, ബാരൂക്ക്, മനാസെയുടെ പ്രാർത്ഥന, മൂന്ന് കുട്ടികളുടെ ഗാനങ്ങൾ, 1എസ്ഡ്രാസ്(എസ്രാ), 2എസ്ഡ്രാസ്, ബേലുംവ്യാളവും (ദാനിയേൽ പ്രവചനത്തോട് കൂട്ടിച്ചേർത്തത്), സൂസന്ന, എസ്ഥേർ- കൂട്ടിച്ചേർത്ത ഭാഗം

ഇതിൽ 10 എണ്ണം റോമൻ കത്തോലിക്ക സഭയുടെ പിഒസി ബൈബിളിൽ ചേർത്തിരിക്കുന്നു. ഇതുകൂടാതെ 60 ലധികം അപ്പോക്രീഫാ പുസ്തകങ്ങൾപഴയനിയമത്തിലും കൂട്ടിച്ചേർക്കുവാൻ താല്പര്യപ്പെടുന്നവയായിട്ടു്.

ആദാം, ഹാനോക്ക് ലാമേക്ക്, 12 ഗോത്രപിതാക്കന്മാർ, യോസേഫിന്റെ പ്രാർത്ഥന, എൻദാദും മോദാദും, മോശെയുടെ നിയമം, മോശെയുടെ അനുമാനം, ശലോമോന്റെ സങ്കീർത്തനം, യെശയ്യാവിന്റെ ആരോഹണം, സെഫന്യാവിന്റെ വെളിപ്പാട്, സഖറിയായുടെ വെളിപ്പാട്, എസ്രായുടെ വെളിപ്പാട്,പത്രോസിന്റെ വെളിപ്പാട്, പൗലോസിന്റെ വെളിപ്പാട്, ഏലിയാവിന്റെ വെളിപ്പാട്, യാക്കോബിന്റെ ചരിത്രം, അപ്പോസ്തലന്മാരുടെ പഠിപ്പിക്കൽ, ബർന്നബാസിന്റെ ലേഖനം, പൗലോസിന്റെ പ്രവൃത്തികൾ, യോഹന്നാന്റെ പ്രവൃത്തികൾ, പത്രോസിന്റെ പ്രവൃത്തികൾ, അന്ത്രെയാസിന്റെ പ്രവൃത്തികൾ, ബർന്നബാസിന്റെ പ്രവർത്തികൾ, തോമസിന്റെ

തുടർച്ച 04പേജിൽ

03-ാം പേജ് തുടർച്ച

പ്രവർത്തികൾ, തദാവൂസിന്റെ പ്രവർത്തികൾ, ക്ലമന്റിന്റെ പ്രബോധനം, ഇഗ്നാത്യോസിന്റെ പ്രബോധനം, പോളിക്കാർപ്പിന്റെ പ്രബോധനം, ബർന്നബാസിന്റെ സുവിശേഷം, മത്ഥ്യാസിന്റെ സുവിശേഷം, മാർക്കിയോന്റെ സുവിശേഷം, മാനിയുടെ സുവിശേഷം, അപ്പല്ലോസിന്റെ സുവിശേഷം, ബാസില്ലിഡെസിന്റെ സുവിശേഷം, തോമസിന്റെ സുവിശേഷം, പത്രോസിന്റെ സുവിശേഷം, നിക്കോദിമോസിന്റെ സുവിശേഷം, ജറുസലേമിന്റെ പാസ്യൂഡോ-സിറിലിന്റെ സുവിശേഷം, ബർത്തലോമായിയുടെ സുവിശേഷം, രക്ഷകന്റെ സുവിശേഷം, ഓക്സിർഹിൻചസിന്റെ 1224 സുവിശേഷം, എഗേർടോൺസുവിശേഷം, ഈജിപ്തുകാരുടെ സുവിശേഷം, എബ്രായരുടെ സുവിശേഷം, മേരിയുടെ സുവിശേഷം, എബിയോനിററ്സിന്റെ സുവിശേഷം, നാസോറീൻസിന്റെ സുവിശേഷം, ബർത്തലോമായിയുടെ ചോദ്യങ്ങൾ, യേശുക്രിസ്തുവിന്റെ പുനരുത്ഥാനം, മർക്കോസിന്റെ രഹസ്യം, പത്രോസിന്റെ പ്രസംഗം, മത്ഥിയാസിന്റെ പാരമ്പര്യം, രക്ഷകന്റെ സംവാദം, പത്രോസും 12 പേരും, തദാവൂസിന്റെ പഠിപ്പിക്കൽ, 1കൊരിന്ത്യർ, 2 കൊരിന്ത്യർ, അ.പ്രവൃത്തി അദ്ധ്യായം 29, പൗലോസും സെനീക്കയും

ഇവയിൽ ഒന്നുപോലും ദൈവനിശ്വസിതം എന്ന് പറവാൻ പറ്റാത്തവിധം കെട്ടുകഥകളും വാ○ാസ്തവ വിരുദ്ധവും, തെറ്റായ ഉപദേശങ്ങളും കൊ് മുഖരിതമാണ്.

അപ്പോക്രീഫാ പുസ്തകങ്ങൾ ചേർത്തിരിക്കുന്ന ബൈബിൾ ഭാഷാന്തരങ്ങൾ

1. ലാറ്റിൻ വോൽഗയിറ്റ്.

4-ാം നൂറ്റാിൽ എബ്രായരിൽ നിന്നും ലാറ്റിനിലേക്ക് ജറോം വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ച ബൈബിൾ. 16-ാം നൂറ്റ് വരെ ഇത് കത്തോലിക്കരുടെ വിശ്വാസ വിളംബര ഗ്രന്ഥമായിരുന്നു. 1592-ൽ ക്ലമെന്റെൻ പതിപ്പ് റോമൻ കത്തോലിക്കാസഭയുടെ സാധാരണ ബൈബിൾ ആയി അംഗീകരിക്കപ്പെട്ടു. 1979-ൽ നോവ വാൾഗയിറ്റ് പ്രചാരത്തിൽ വരുന്നതുവരെ ഇത് തുടർന്നു.



വിവർത്തകനായ ജറോമിന്റെ മരണ ശേഷം ഡ്യൂറ്റെറൊകാനോനിക്കൽ (കത്തോലിക്കരും പൗരസ്ത്യ ഓർത്തഡോക്സ് സഭയും അംഗീകരിച്ചിരിക്കുന്ന അപ്പോക്രീഫാ അടങ്ങുന്ന കാനോൻ) പുസ്തകങ്ങൾ ഉൾക്കൊള്ളിക്കുകയുായി.

2. പൗരസ്ത്യ ഓർത്തഡോക്സ് സഭാകാനോൻ

3. എത്യോപ്യൻ ബ്രോഡർ ബിബ്ലിക്കൽ കാനോൻ - 81 പുസ്തകങ്ങൾ

4. കോഡക്സ് വത്തിക്കാനസ്

5. കോഡക്സ് സീനായിറ്റിക്സ്

6. കോഡക്സ് അലക്സാറിനസ്

7. പെസീത്ത ബൈബിൾ

8. ലൂതറൻ ബൈബിൾ

9. ഗുട്ടൻബർഗ് ബൈബിൾ

10. 1611 ലെ കിങ്ങ് ജയിംസ് വേർഷൻ

ഇവയിലെല്ലാം തന്നെ പ്രത്യേക ഭാഗങ്ങളായിട്ടാണ് അപ്പോക്രീഫാ പുസ്തകങ്ങൾ ചേർത്തിരിക്കുന്നത്.

1554 ലെ ട്രന്റ് കൗൺസിലിൽ, റോമൻ കത്തോലിക്കാസഭ അപ്പോക്രീഫാ പുസ്തകങ്ങളെ ബൈബിളിന്റെ ഭാഗമായി അംഗീകരിക്കുകയുായി. 1981 ൽ പ്രസിദ്ധീകരിച്ച കത്തോലിക്കാ ബൈബിളായ പിഒസി യിൽ അപ്പോക്രീഫായിൽ ഏഴ് പുസ്തകങ്ങളും, ദാനിയേൽ പ്രവചനത്തിന്റെ അനുബന്ധമായി ബേലും വ്യാളവും, സൂസന്ന എന്ന കഥകൾ കൂട്ടിച്ചേർത്തിരിക്കുന്നു. എസ്ഥേർ പുസ്തകത്തിനും ഒരു അനുബന്ധം നൽകിയിട്ടുട്. അപ്പോക്രീഫാ പുസ്തകങ്ങൾ മുഴുവനും എന്തുകൊ് ചേർത്തില്ല?

ചില കാനോനുകളിൽ കുറച്ചും മറ്റ് ചിലതിൽ വേറെ ചിലതും ചേർത്തിരിക്കുന്നതെന്തുകൊ്? അതുതന്നെ ഈ പുസ്തകങ്ങൾ ആധികാരികവും വിശ്വസീയവും അല്ലായെന്ന് വ്യക്തമാക്കുന്നു.

THE ENDTIME NEWS

എൻടൈം ന്യൂസ്





Available on the iPhone App Store
ANDROID APP ON Google play

http://theendtimenews.com/



# രണ്ട് ലോക മഹായുദ്ധങ്ങൾ എന്തിനുണ്ടായി?

**ക**ഴിഞ്ഞ രു ലോകമഹായുദ്ധങ്ങൾ എന്തിനുായി? ചിന്തിച്ചാൽ ദൈവത്തിന്റെ കാര്യപരിപാടിയിലുള്ളതായിരുന്നു എന്നതിന് ഉത്തരം വ്യക്തമാണ്. യഹൂദന്റെ പിതൃദേശം അവനു തിരിച്ചു കിട്ടേതിനും ഇസ്രായേൽ ഒരു ജാതിയായി രൂപപ്പെടേതിനുമായിരുന്നു. അത് തികച്ചും ദൈവോദ്ദേശം തന്നെ.

യഹോവയുടെ കൈ എന്റെമേൽ വന്നു യഹോവയുടെ ആത്മാവിൽ എന്നെ പുറപ്പെടുവിച്ചു താഴ്വരയുടെ നടുവിൽ നിർത്തി; അത് അസ്ഥികൾ കൊ് നിറങ്ങിരുന്നു. അവൻ എന്നെ അവയുടെ ഇടയിൽ കൂടി ചുറ്റിചുറ്റി നടക്കുമാറാക്കി; അവ താഴ്വരയുടെ പരപ്പിൽ എത്രയും അധികമായിരുന്നു. അവ ഏറ്റവും ഉണങ്ങിയിരുന്നു. അവൻ എന്നോട് മനുഷ്യപുത്രാ, ഈ അസ്ഥികൾ ജീവിക്കുമോ? എന്നു ചോദിച്ചു.....(യെഹസ്ക്കേൽ37:1-3)

ഭൂമിയുടെ മദ്ധ്യേഉയരത്തിൽ നിൽക്കുന്ന യെരുശലേമായ സീയോൻ പർവ്വതത്തിൽ നിന്ന് പ്രവാചകനെ യഹോവയുടെ ആത്മാവിനാൽ പുറപ്പെടുവിച്ചു ലോകരാജ്യങ്ങളായ ജാതികളുടെ താഴ്വരയിൽ നിർത്തി. ലോകരാജാക്കന്മാർക്ക് അടിമകളായി മനുഷ്യരുടെ ഇടയിൽ നിന്ദാപാത്രങ്ങളായി ഒരു ജാതിയെന്ന നിലയില്ലാതെ ലോകത്തിന്റെ സകല ഭാഗങ്ങളിലും ചിതറി സാന്മാർഗ്ഗികമായും, മതപരമായും ക്ഷയിച്ചു കേവലം ഉണങ്ങിയ അസ്ഥികൾക്കു തുല്യമായി തീർന്നിരിക്കുന്ന ഇസ്രായേൽ ജനത്തെയാണ് ഇവിടെ പ്രവാചകന് കാണിച്ചുകൊടുത്തുകൊ് ചോദിക്കുന്നത്, മനുഷ്യപുത്രാ ഈ അസ്ഥികൾ ജീവിക്കുമോ എന്ന്.

.....മനുഷ്യപുത്രാ, ഈ അസ്ഥികൾ ഇസ്രായേൽ ഗൃഹമൊക്കയും ആകുന്നു. ഞങ്ങളുടെ അസ്ഥികൾ ഉണങ്ങി, ഞങ്ങളുടെ പ്രത്യാശയ്ക്കുഭംഗം വന്നു, ഞങ്ങൾ തീരെ മുടിഞ്ഞിരിക്കുന്നു എന്നു അവർ പറയുന്നു. അതുകൊു നീ പ്രവചിച്ചു അവരോടു പറയേതു; യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു. എന്റെ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽ നിന്നു കയറ്റി യിസ്രായേൽ ദേശത്തേയ്ക്ക് കൊുപോകും.(യെഹസ്ക്കേൽ



ബ്രദർ സി.വി.രാജൻ

തുടർച്ച 06പേജിൽ

05-ാം പേജ് തുടർച്ച



37:11,12)

ഒരിക്കൽ പ്രതാപശാലിയായി ജീവിച്ച ഒരു മനുഷ്യൻ മരിച്ച് അവന്റെ അസ്ഥികൾ ബന്ധം വിട്ടുകിടക്കുന്ന അവസ്ഥയാണ് ഒരു ജാതിയെന്ന നിലയിൽ ഇസ്രായേലിന് ലോകത്തിൽ സംഭവിച്ചിട്ടുള്ളത്. ലോകമാകുന്ന ശവക്കുഴിയിൽ നിന്നു കയറ്റി സ്വന്തദേശത്തേയ്ക്ക് കൊുപോകും എന്നുള്ള ദൈവത്തിന്റെ മാറ്റമില്ലാത്ത വാഗ്ദത്തമാണ് പ്രവാചകൻ പറഞ്ഞത്. അത് ചരിത്രത്തിൽ നിറവേറി. ലോകമാകുന്ന ശവക്കുഴി തുറന്നതാകുന്നു ര് ലോക മഹായുദ്ധങ്ങൾ.

ഇതിന്റെ നിവർത്തി നോക്കിയാൽ ചിതറിപ്പോയ യഹൂദന്മാരിൽ ചിലർ 1897 ൽ സീയോൻ സംഘം രൂപീകരിച്ചുകൊ് യഹൂദന്മാരെ തങ്ങളുടെ പിതാക്കന്മാരുടെ ദേശത്തിലേക്ക് മടങ്ങിവരുവാൻ ആഹ്വാനം ചെയ്തുകൊ് പ്രവർത്തിക്കുവാൻ തുടങ്ങി. ഇവരാണ് യിരമ്യാ 16:16 ആദ്യ ഭാഗത്ത് പറഞ്ഞിരിക്കുന്നവർ ഇതാ ഞാൻ അനേകം മീൻപിടിക്കാരെ വരുത്തും അവർ അവരെ പിടിക്കും.

കുറച്ച് വർഷങ്ങൾ കഴിഞ്ഞപ്പോൾ 1914 ൽ 1-ാം ലോകമഹായുദ്ധം ഉായി. ലോകത്തിൽ ചിതറിക്കിടക്കുന്ന യഹൂദന്മാർ കുറെയൊക്കെ മടങ്ങി വന്നു. എന്നാൽ മടങ്ങിവരാത്തവർ ഉായിരുന്നു. തങ്ങൾപോയ സ്ഥലങ്ങളിൽ സ്ഥിരമാക്കിയവരെ കൊന്നു കളയുവാൻ ദൈവം മറ്റു ചിലരെ ഏൽപ്പിച്ചുകൊടുത്തു, അവരെക്കുറിച്ചാകുന്നു യിരെമ്യാ 16:16, രാം ഭാഗത്ത് പറഞ്ഞിരിക്കുന്നത് അതിന്റെ ശേഷം ഞാൻ അനേകം നായാട്ടുകാരെ വരുത്തും; അവർ അവരെ എല്ലാ മലയിലും നിന്നും എല്ലാ കുന്നിലും നിന്നും പാറപ്പിളർപ്പുകളിൽ നിന്നും നായാടിപ്പിടിക്കും എന്നു യഹോവയുടെ അരുളപ്പാട്. ഇതിന്റെ നിവർത്തി രാം ലോകമാഹായുദ്ധത്തിൽ സംഭവിച്ചു. ഹിറ്റ്ലർ അറുപത് ലക്ഷം യഹൂദന്മാറെയാണ് തിരഞ്ഞു പിടിച്ചു കൊന്നുകളഞ്ഞത്.

ഈ രു യുദ്ധങ്ങളും ഉായിട്ട് എങ്ങനെ അവസാനിച്ചു എന്ന് ഒരു വാക്യത്തിൽ ചെറിയ രു വാക്കുകളാൽ പറഞ്ഞിരിക്കുന്നത് കാണാം. എന്നോടു കൽപ്പിച്ചതുപോലെ ഞാൻ പ്രവചിച്ചു; ഞാൻ പ്രവചിച്ചുകൊിരിക്കുമ്പോൾ ഒരു മുഴക്കം കേട്ടു. ഉടനെ ഒരു ഭൂകമ്പം ഉായി, അസ്ഥി അസ്ഥിയോട് വന്നു ചേർന്നു(യെഹസ്ക്കേൽ 37:7) ഒരു മുഴക്കം കേട്ടു 1914-18 വരെയുള്ള ഒന്നാം ലോകമഹായുദ്ധം അവസാനിപ്പിക്കുവാൻ കാരണമായ റ്റിഎംറ്റി സ്ഫോടനമായിരുന്നു. ഉടനെ ഒരു ഭൂകമ്പം ഉായി...1939-45 വരെയുള്ള രാം ലോകമഹായുദ്ധം അവസാനിപ്പിക്കുവാൻ കാരണമായ ആറ്റംസ്ഫോടനമായിരുന്നു. ര് യുദ്ധങ്ങൾ ഉായത് യഹൂദനെ കൂട്ടിവരുത്തുവാനായിരുന്നു. ആ യുദ്ധങ്ങൾ നിർത്തിയത് യഹൂദന്റെ കുപിടുത്തങ്ങളായ ആയുധമായിരുന്നു എന്ന് ചിന്തിക്കുക.

പിന്നെ ഞാൻ നോക്കിച അവയുടെമേൽ ഞരമ്പും മാംസവും വന്നതും അവയുടെ മേൽ ത്വക്കു പൊതിഞ്ഞതും കു; എന്നാൽ ശ്വാസം അവയിൽ ഇല്ലാതെയിരുന്നു.(യെഹസ്ക്കേൽ 37:8) ലോകത്തിൽ ചിതറിപ്പോയ യഹൂദന്മാർ ഒന്നാം ലോകയുദ്ധത്തോടുകൂടി സ്വന്തദേശത്തേയ്ക്ക് മടങ്ങി വന്നുവെങ്കിലും യുദ്ധം അവസാനിച്ചിട്ടും ലോകം അവരെ അംഗീകരിക്കാത്തതിനാൽ ജീവനില്ലാത്ത മനുഷ്യ ജഡത്തിന്റെ അവസ്ഥയായിരുന്നു അപ്പോൾ അവരുടേത്. എല്ലാവിധ പ്രതികൂലങ്ങളെയും എതിർപ്പുകളെയും അവർ പരമാവധി ചെറുത്തുനിന്നു. അങ്ങനെ അവർ അവിടെ ചുവടുറപ്പിച്ചുവരുമ്പോഴാണ് രാം ലോക മഹായുദ്ധത്തിന്റെ തുടക്കം.

അപ്പോൾ അവൻ എന്നോടു കൽപ്പിച്ചതു; കാറ്റിനോടു പ്രവചിക്ക; മനുഷ്യപുത്രാ, നീ പ്രവചിച്ചു കാറ്റിനോടു പറയേതു; യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു. ശ്വാസമേ, നീ നാലു കാറ്റുകളിൽ നിന്നും വന്നു ഈ നിഹതന്മാർ ജീവിക്കേതിനു അവരുടെ മേൽ ഊതുക. അവൻ എന്നോടു കൽപ്പിച്ചതുപോലെ ഞാൻ പ്രവചിച്ചപ്പോൾ ശ്വാസം അവരിൽ വന്നു; അവർ ജീവിച്ചു ഏറ്റവും വലിയ സൈന്യമായി നിവർന്നു നിന്നു.(യെഹസ്ക്കേൽ 37:9,10)



# വായ്മൊഴി

▶കാലതാമസം കാലക്കേടല്ല മഹത്വത്തിനായുള്ള കാത്തിരിപ്പാണ്.

▶ദൈവദാസന്മാർ ദ്രവ്യദാസന്മാരായി മാറപ്പെടരുത്.

▶ജീവിത വിജയത്തിനായുള്ള ഒറ്റമൂലി ദൈവകൃപയും കഠിനാദ്ധ്വാനവും.

▶ മറ്റുള്ളവരെ കൊ് ചെയ്യിപ്പിക്കുന്നതിലല്ല നാം ചെയ്യുന്നതാണ് ശ്രേഷ്ഠകരം.

▶സംശയചിന്ത വരുമ്പോൾ ദൈവാനുഗ്രഹങ്ങളെ എണ്ണുക

▶പാവപ്പെട്ടവന്റെ കണ്ണുനീരും വിയർപ്പുമാണ് പണക്കാരന്റെ സന്തോഷം

▶കടുത്ത ദാരിദ്ര്യത്തിൽ ജീവിക്കുന്ന ആയിരങ്ങളിൽ വേണം ക്രിസ്തുവിനെ അന്വേഷിക്കുവാൻ

▶ആനന്ദത്തിനു വേയുള്ള ആഗ്രഹമാണ് തെറ്റ് ചെയ്യാനുള്ള ഏറ്റവും വലിയ പ്രേരകശക്തി

▶ആണി തറയ്ക്കപ്പെട്ട യേശുക്രിസ്തുവിന്റെ കൈകൾ ദൈവത്തിന്റെ സ്നേഹം നിറഞ്ഞ ഹൃദയത്തെ വെളിപ്പെടുത്തുന്നു.

▶നമ്മുടെ എല്ലാ പ്രശ്നങ്ങളും ദൈവകരങ്ങളിൽ സമർപ്പിക്കുമ്പോൾ അവൻ തന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളിൽ പകരും.



Pr.P.V.S C.BD

## ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് നോർത്ത് അമേരിക്ക അവാർഡുകൾ വിതരണം ചെയ്തു.



ചർച്ച് ഓഫ് ഗോഡ് ഇന്റർനാഷണൽ റൈറ്റേഴ്സ് ഫെലോഷിപ്പ് ഇൻ നോർത്തമേരിക്കയുടെ 2019 ലെ സാഹിത്യ അവാർഡിനർഹരായവർ മലയാളം ലേഖനത്തിനു ഏലിയാമ്മ ലൂക്കോസ്, ഇംഗ്ലീഷ് ലേഖനത്തിനു കുഞ്ഞുമോൾ മാത്യു, മലയാളം പുസ്തകത്തിനു ഡോ. തോമസ് കെ ഐപ്പ് എന്നിവരാണ്. യുവ എഴുത്തുകാർക്കുള്ള അവാർഡ് ജാസ്മിൻ ഉമ്മൻ കരസ്ഥമാക്കി. ദീർഘനാളുകളിലെ ക്രൈസ്തവ സാഹിത്യ സേവനങ്ങളെ ആദരിച്ചു കൊ് പാസ്റ്റർ ജോൺസൺ സഖര്യാ,സിസ്റ്റർ സൂസൻ ബി ജോണിനും വിശിഷ്ട സേവന അവാർഡുകൾ നൽകി. ജൂലൈ 18 മുതൽ 21 വരെ ടെന്നിസിലെ നോക്ക് വില്ലയിൽ നടന്ന 24 മത് നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫ്രൻസിൽ വെച്ച് അവാർഡുകൾ വിതരണം ചെയ്തു.




Available on the iPhone App Store
ANDROID APP ON Google play

## ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് 92,000/- രൂപയുടെ സഹായം നൽകി പി വൈ പി എ

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വേി ഐ പി സി മിഡ് വെസ്റ്റ് റീജിയൻ പി വൈ പി എ, ഐ പി സി എബനേസർ ലേക്ലാൻഡ് സഭാ തുടങ്ങിയ വിവിധ സഭകളുടേയും, വ്യക്തിപരമായി നൽകിയ സംഭാവനകൾ (ഐ പി സി ജനറൽ കൗൺസിൽ ഓഫീസ് വഴി സംസ്ഥാന പി വൈ പി എ യ്ക്ക് നൽകിയ തുക) ഇടുക്കി,തൃശ്ശൂർ, മലപ്പുറം,കോഴിക്കോട്,കൊല്ലം,കോട്ടയം,പത്തനംതിട്ട,തിരവനന്തപുരം,ഉൾപ്പെടെയുള്ള വിവിധ ജില്ലാ/സോൺ തലങ്ങളിൽ വിതരണം ചെയ്തു കഴിഞ്ഞു. അതിൻപ്രകാരം ആഗസ്റ്റ് 1 ന് പാലക്കാട് ജില്ലയിൽ 77,000 രൂപയുടെ സാമ്പത്തിക സഹായ വിതരണം നടത്തി. പ്രളയകാലത്ത് ദുരിതമനുഭവിച്ച പാലക്കാട് ജില്ലയിലെ 11 കുടുംബങ്ങൾക്ക്/ സഭകൾക്ക് ഇടക്കാലത്ത് നൽകിയ തുകയും കൂടി ചേർത്ത് ആകെ 92,000/- രൂപയുടെ സഹായം പി വൈ പി എ നൽകി.

# ആത്മാവിനെ അനുസരിച്ച് നടപ്പിൻ

ആത്മാവിനെ അനുസരിച്ച് നടപ്പിൻ എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല എന്ന് ഞാൻ പറയുന്നു. (ഗലാത്യർ5:16).




പാസ്റ്റർ ഷിബു തോമസ്, ഒക്കലഹോമ.




പരിശുദ്ധാത്മാവാം ദൈവത്തിന്റെ ശക്തമായ ചലനം നടക്കുന്ന കാലഘട്ടത്തിലാണ് നാം ആയിരിക്കുന്നത്. ദൈവമക്കളുടെ വഴികാട്ടിയാണ് പരിശുദ്ധാത്മാവ്. ശിഷ്യഗണത്തോട് പറയുന്നു ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം. ഞാൻ പോകാതിരുന്നാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും അവൻ വന്ന് പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും. സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കയും, വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും(യോഹന്നാൻ 16:7-13) ദൈവാത്മാവ് നടത്തുന്നവരെല്ലാം ദൈവത്തിന്റെ മക്കൾ ആകുന്നു.(റോമർ8:14) ദൈവഹിതം തിരിച്ചറിയുവാൻ നമ്മെ സഹായിക്കുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. ആത്മാവിന് ചെവി കൊടുക്കുന്നവർക്ക് മാത്രമെ വിജയകരമായി ജീവിക്കുവാൻ കഴിയുകയുള്ളൂ. ശരീരത്തോടു പോരാടുന്ന ജഡത്തിന്റെ ഇച്ഛാശക്തികളെ കീഴ്പ്പെടുത്തുവാൻ പരിശുദ്ധാത്മാവിന്റെ പുതുബലം നമുക്കാവശ്യമാണ് . ആത്മാവിൽ നാം ജീവിക്കുന്നു എങ്കിൽ ആത്മാവിനെ അനുസരിച്ച് നടക്കണം. നാം പ്രാപിച്ചിരിക്കുന്നത് ഭീരുത്വത്തിന്റെയോ ഭയത്തിന്റെയോ ആത്മാവിനെ അല്ല, ശക്തിയുടെയും, സ്നേഹത്തിന്റെയും, സുബോധത്തിന്റെയും ആത്മാവിനെ അത്രെ.(2തിമോ1:7) യേശുവിനെ പരീക്ഷയിലും ശുശ്രൂഷയിലും നയിച്ച പരിശുദ്ധാത്മാവ് ഇന്ന് നിന്നോടൊപ്പം ഉ്. സങ്കീർത്തനക്കാരനോട് ഒപ്പം ചേർന്ന് പറയുക. നിന്റെ നല്ല ആത്മാവ് നേർന്നിലത്തിൽ എന്നെ നടത്തുമാറാകട്ടെ(സങ്കീ143:10).

പ്രാർത്ഥന: ദൈവമെ നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായൊരാത്മാവിനെ എന്നിൽ പകരണമേ....ആമേൻ.

# പ്രൊലൈഫ് നയം ഹംഗറിയിൽ വീണ്ടും; മൂന്നും അതിൽ കൂടുതലും കുട്ടികളുള്ളവർക്ക് 33000 ഡോളർ

ഹംഗറിയിൽ വിവാഹിതരാകുന്ന ദമ്പതികൾക്ക് 33,000 ഡോളർ ലോണായിട്ട് നൽകുന്നതെങ്കിലും മൂന്ന് കുട്ടികളായാൽ പണം തിരികെ അടയ്ക്കേി വരില്ല. ക്രിസ്തീയ വിശ്വാസം മുറുകെ പിടിക്കുന്ന പ്രധാനമന്ത്രി വിക്ടർ ഓർബാന്റെറ തീരുമാനം മാധ്യമങ്ങളിൽ ഇടം നേടുന്നു. രാജ്യത്തെ ജനസംഖ്യ വർദ്ധിപ്പിക്കാൻ പ്രൊലൈഫ് നയത്തിന്റെ അടിസ്ഥാനത്തിൽ ഭരണം നടത്തുന്ന ഭരണകൂടം എടുക്കുന്ന സുപ്രധാന തീരുമാനമാണിത്.

ഏതാ് 2400 ഓളം കുടുംബങ്ങൾ ലോൺ കിട്ടാൻ വേി ഇതിനകം അപേക്ഷിച്ചിട്ടു്. ചെറിയ ഗഡുക്കളായാണ് സർക്കാർ ഓരോ മാസവും പണം നൽകുന്നത്. അഞ്ചു വർഷത്തിനുള്ളിൽ ദമ്പതികൾക്ക് ഒരു കുട്ടിയെങ്കിലും ഉായാൽ ലോണിൻമേലുള്ള പലിശ തിരിച്ചടയ്ക്കേി വരില്ല. മൂന്നു വർഷത്തേയ്ക്ക് ലോൺ തിരിച്ചടയ്ക്കൽ കാലാവധിയും നീട്ടിക്കിട്ടും. ലോണിന് അപേക്ഷിക്കുന്ന ദമ്പതികളിൽ ഒരാൾ എങ്കിലും ആദ്യത്തെ വിവാഹമായിരിക്കണമെന്നും വിവാഹിതയാകുന്ന സ്ത്രീ 18 നും 40 നും മധ്യേ പ്രായമുള്ള ആളായിരിക്കണമെന്നും നിയമമു്. കുടുംബങ്ങൾക്കായി പ്രഖ്യാപിച്ച ബഡ്ജറ്റിന്റെ ഭാഗമായ ഈ പദ്ധതി മൂലം രാജ്യത്ത് കുടിയേറ്റമില്ലാതെ ജനസംഖ്യ വർദ്ധിപ്പിക്കാനാകുമെന്ന് സർക്കാർ കണക്കുകൂട്ടുന്നു.

Available on the iPhone App Store
ANDROID APP ON Google play

**വാർത്ത.. 01പേജ് തുടർച്ച**

വിൽ ഐ സി പി എഫ് യുഎസ്എ യുടെ വൈസ് പ്രസിഡന്റായും പ്രവർത്തിക്കുന്നു. കോട്ടയം ഐ പി സി ഫിലദൽഫിയ അംഗവും ഉദയപൂർ ഫിലദൽഫിയ ബൈബിൾ കോളേജ് അദ്ധ്യാപകനുമായിരുന്നു. അമേരിക്കയിൽ കഴിഞ്ഞ കാൽ നൂറ്റാണ്ടിലധികമായി വിവിധ ആത്മീയ ശുശ്രൂഷകളിൽ പാസ്റ്റർ പി സി ജേക്കബ് പ്രവർത്തിച്ചു വരുന്നു. ഭാര്യ: റെന്നി. മക്കൾ : ജെന്നിഫർ, ജെസീക്ക, ജോഷ്വാ.

നാഷണൽ സെക്രട്ടറി ബ്രദർ ജോർജ്ജ് തോമസ് കഴിഞ്ഞ 40 വർഷമായി ഹൂസ്റ്റൺ ഹെബ്രോൻ ഐ പി സി സഭാംഗമാണ്. പിസിഎൻകെ, ഐപിസി ഫാമിലി കോൺഫ്രൻസ്, ഐപിസി മിഡ് വെസ്റ്റ് റീജിയൻ തുടങ്ങിയ മേഖലകളിൽ വിവിധ പദവികൾ മുമ്പ് വഹിച്ചിട്ടുണ്ട്. യുഎസിലേയ്ക്ക് വരുന്നതിനു മുമ്പ് ചെന്നൈ പട്ടാമ്പിറാം ഐപിസി അംഗമായിരുന്നു. മദ്രാസിലെ പ്രസിഡൻസി കോളേജിൽ നിന്ന് ബിരുദം നേടി. പരേതനായ ഫ്ളൈയിംഗ് ഓഫീസർ പൊടിമണ്ണിൽ വർഗീസ് തോമസിന്റെയും മറിയാമ്മ തോമസിന്റെയും മൂത്ത മകനാണ്. ഭാര്യ : സൂസിക്കുട്ടി. മക്കൾ : റേബ മാത്യൂ, അലക്സ്, റെനി തോമസ്.

നാഷണൽ ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട ബ്രദർ തോമസ് കെ വർഗീസ് ഒക്കലഹോമ ഹെബ്രോൻ ഐ പി സി സഭാംഗമാണ്. 1981 മുതൽ ഒക്കലഹോമ സിറ്റിയിൽ താമസിക്കുന്നു. സർട്ടിഫൈഡ് പബ്ലിക് അക്കൗണ്ടന്റായി പ്രവർത്തിച്ചു വരുന്നതിനോടൊപ്പം റിയൽ എസ്റ്റേറ്റ് നിക്ഷേപത്തിൽ ഏർപ്പെട്ടിരിക്കുന്നു. 1999 ലെ ന്യൂജേഴ്സി പി സി എൻ എ കെ ദേശീയ ട്രഷറർ, 2002-2005 ഐപിസി മിഡ് വെസ്റ്റ് റീജിയൻ ട്രഷറർ, 2008 ലെ ഡാളസ് ഐപിസി ഫാമിലി കോൺഫ്രൻസ് ദേശീയ ട്രഷറർ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിരുന്നു. നിലവിൽ ഐ പി സി എജ്യൂക്കേഷൻ & വെൽഫെയർ സൊസൈറ്റി ഓഫ് നോർത്ത് അമേരിക്കയുടെ കോ-ചെയർമാനായും ഐപിസി കോട്ടയം തിയോളജിക്കൽ സെമിനാരി സെനറ്റ് അംഗമായും ബ്രദർ തോമസ് കെ വർഗീസ് സേവനം അനുഷ്ഠിക്കുന്നു. കോട്ടയം മീനടം സ്വദേശിയാണ്. ഗ്രേസി വർഗീസാണ് ഭാര്യ. മക്കൾ : അനിത, ഫിലിപ്പ്.

ദേശീയ ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ ഗ്രേസ് സാമുവൽ (സുജ) ന്യൂജേഴ്സി ഐപിസി ഷാലേം സഭയുടെ സജീവ അംഗവും സൺഡേ സ്കൂൾ അദ്ധ്യാപികയുമാണ്. മുമ്പ് സൺഡേ സ്കൂൾ ഡയറക്ടറുമായിരുന്നു. ന്യൂജേഴ്സി വിമൻസ് ഫെലോഷിപ്പിന്റെ ട്രഷററായും സേനവമനുഷ്ഠിച്ചിട്ടുണ്ട്. മൂന്നു പതിറ്റാണ്ടിലധികമായി യുഎസിൽ താമസിക്കുന്ന സിസ്റ്റർ ഗ്രേസ് നഴ്സ് പ്രാക്ടീഷണറായി പ്രവർത്തിക്കുന്നു. പരേതനായ പാസ്റ്റർ ജോൺ ഡാനിയേലിന്റെയും കുഞ്ഞമ്മ ഡാനിയേലിന്റേയും മകളാണ്. ഭർത്താവ് : ജോൺസൺ സാമുവൽ. മക്കൾ : ജെസ്സി, എലിസബത്ത്.

ടെക്സാസിലെ ഡാളസിൽ ജനിച്ചതും വളർന്നതുമായ ജസ്റ്റിൻ ഫിലിപ്പ് യുവജന വിഭാഗം ദേശീയ കോർഡിനേറ്ററാണ്. ഡാളസ് ഐപിസി ഹെബ്രോൻ സഭാംഗവും, ഡാളസ് തിയോളജിക്കൽ സെമിനാരി വിദ്യാർത്ഥിയുമാണ്. ഫിസിഷ്യൻ അസിസ്റ്റന്റായി ജോലി ചെയ്യുന്നു. ജസ്റ്റീനയാണ് ഭാര്യ.

18 മത് കോൺഫ്രൻസിന്റെ മാധ്യമ വിഭാഗം കോർഡിനേറ്ററുമാരായി നിബു വെള്ളവന്താനം, ഫിന്നി രാജു എന്നിവരും പ്രയർ കോർഡിനേറ്ററായി പാസ്റ്റർ പി വി മാമ്മനും തിരഞ്ഞെടുക്കപ്പെട്ടു.

**വാർത്ത.. 01പേജ് തുടർച്ച**

ഡിപ്പാർട്ട്മെന്റ് പുറത്തുവിട്ട പ്രസ്താവനയിൽ പറയുന്നു.

2018 ജൂൺ 23 ന് തീവ്ര ഇസ്ലാമിക നിലപാടുള്ള ഫുലാനി മുസ്ലീം ഗോത്രക്കാർ നടത്തിയ ആക്രമണത്തിനിടയ്ക്ക് സ്വന്തം ഭവനത്തിലും, മോസ്കിലും ഒളിപ്പിച്ചാണ് അബ്ദുല്ലാഹി ക്രസ്ത്യാനികളുടെ ജീവൻ രക്ഷിച്ചത്. തന്റെ മധ്യാഹ്ന നിസ്കാരം അവസാനിപ്പിക്കുമ്പോഴാണ് അബ്ദുല്ലാഹി പുറത്ത് വെടിയൊച്ച കേട്ടത്. ഗ്രാമത്തിലെ ക്രിസ്ത്യാനികൾ ജീവനു വേി പരക്കം പായുന്നത് ക അബ്ദുല്ലാഹി ഒട്ടും മടിക്കാതെ അവരെ തന്റെ ഭവനത്തിലും സമീപത്തെ മുസ്ലീം പള്ളിയിലും ഒളിപ്പിക്കയായിരുന്നു. അതിനു ശേഷം ഭവനത്തിന് പുറത്തിറങ്ങിയ ഇമാം അക്രമികളെ തന്റെ ഭവനത്തിൽ പ്രവേശിക്കുന്നത് തടയുകയും ക്രൈസ്തവരുടെ ജീവന് പകരം തന്റെ ജീവൻ വാഗ്ദാനം ചെയ്തു.

അന്നത്തെ ആക്രമണത്തിൽ ന്ഗാർ ഗ്രാമത്തിലെ 84 ക്രൈസ്തവർ കൊല്ലപ്പെട്ടുവെങ്കിലും 262 പേരുടെ ജീവൻ അബ്ദുല്ലാഹി രക്ഷിച്ചു. സുഡാനിലെ മതന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണത്തിനുവേി അശ്രാന്തം പരിശ്രമിച്ച മുഹമ്മദ് യോസഫ് അബ്ദുൽറഹ്മാൻ, വിവിധ മതവിഭാഗങ്ങൾ തമ്മിലുള്ള സംവാദങ്ങൾക്ക് വേി വാദിക്കയും, വിവേചനത്തിനെതിരെ പോരാടുകയും, ദുർബല വിഭാഗങ്ങളുടെ സംരക്ഷണത്തിനു വേിയുള്ള സംവിധാനങ്ങൾ ഒരുക്കുകയും ചെയ്ത ബ്രസീലിലെ ഇവാനിർ ഡോസ് സാന്റോസ്, ഇറാഖിൽ മതസ്വാതന്ത്ര്യത്തിനും, മനുഷ്യാവകാശങ്ങൾക്കുമായി തങ്ങളുടെ ജീവിതം സമർപ്പിച്ച വില്യം, വിവിധ മതവിഭാഗങ്ങളും, മതനേതാക്കളും, മതസംഘടനകളുമായി സഹകരിച്ച് മതസ്വാതന്ത്ര്യത്തിനായി പോരാടുന്ന സൈപ്രസ് സ്വദേശിനി സാൽപി എസ്കിഡ്ജിയൻ വെയ്ഡെറുഡുവുമാണ് അബ്ദുല്ലാഹിക്ക് പുറമേ അവാർഡിനർഹരായവർ.

# നോർത്തമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ വാർഷിക സമ്മേളനം സെപ്. 13 – 15 വരെ

അറ്റ്ലാന്റാ ലോറൻസ് വിൽ പ്രെയ്സ് കമ്മ്യൂണിറ്റി ചർച്ചിൽ വെച്ച് ഐ പി സി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ വാർഷിക സമ്മേളനം സെപ്റ്റംബർ 13 വെള്ളി മുതൽ 15 ഞായർ വരെ നടത്തപ്പെടും. മുഖ്യ പ്രാസംഗീകൻ പാസ്റ്റർ എബി പീറ്റർ. റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഡോ. ജോയി എബ്രഹാം ഉദ്ഘാടനം ചെയ്യും.

ഈ കൺവൻഷനിൽ സെമിനാർ, മിഷൻ ചലഞ്ച്, വി ബി എസ്, സഹോദരി സമ്മേളനം, യുവജന സമ്മേളനം, സംയുക്ത ആരാധന എന്നിവ ഉായിരിക്കും.

വിവിധ വിഷയങ്ങളെ ആസ്പദമാക്കി അതിഥി പ്രാസംഗീകർ ക്ലാസ്സെടുക്കും. റീജിയൻ മ്യൂസിക് ക്വയർ പ്രെയ്സ് ആന്റ് വർഷിപ്പിന് നേതൃത്വം നൽകും.

റീജിയൻ ഭാരവാഹികൾ പാസ്റ്റർ ഡോ. ജോയ് എബ്രഹാം (പ്രസിഡന്റ്) പാസ്റ്റർ പോത്തൻ ചാക്കോ (വൈസ് പ്രസിഡന്റ്) പാസ്റ്റർ ബെൻ ജോൺ (സെക്രട്ടറി) ബ്രദർ രാജൻ ആര്യപ്പള്ളിൽ (ജോ. സെക്രട്ടറി) ബ്രദർ അലക്സാർ ജോർജ്ജ് (ട്രഷറാർ) എന്നിവരാണ്.

# ഗിൽഗാൽ പി വൈ പി എ : റിവൈവൽ ബൈബിൾ സ്റ്റഡി നവം. 18 – 20 വരെ

ഐ പി സി ഗിൽഗാൽ പി വൈ പി എ യുടെ നേതൃത്വത്തിൽ റിവൈവൽ ബൈബിൾ സ്റ്റഡി - 2019 എന്ന പേരിൽ ബൈബിൾ ക്ലാസ്സ് നവംബർ 18 മുതൽ 20 വരെ വൈകിട്ട് 7.30 മുതൽ 10 മണി വരെ അബുദാബി ഇവാഞ്ചലിക്കൽ ചർച്ച് സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. പാസ്റ്റർ സാജൻ ജോയ് (ബാംഗ്ലൂർ) ക്ലാസ്സുകൾ നയിക്കും. വിശദ വിവരങ്ങൾക്ക് : പാസ്റ്റർ എം ജെ ഡോമനിക് 056 663 7365.

**വാർത്ത.. 01പേജ് തുടർച്ച**

ണമെന്നും വിവാഹിതയാകുന്ന സ്ത്രീ 18 നും 40 നും മധ്യേ പ്രായമുള്ള ആളായിരിക്കണമെന്നും നിയമമു്. കുടുംബങ്ങൾക്കായി പ്രഖ്യാപിച്ച ബഡ്ജറ്റിന്റെ ഭാഗമായ ഈ പദ്ധതി മൂലം രാജ്യത്ത് കുടിയേറ്റമില്ലാതെ ജനസംഖ്യ വർദ്ധിപ്പിക്കാനാകുമെന്ന് സർക്കാർ കണക്കുകൂട്ടുന്നു.

### യാഗങ്ങൾ, ഉത്സവങ്ങൾ - ഒരു ധ്യാനാത്മക പഠനം.

# യാഗസമാനമായ സമർപ്പണം




**സാം സഖറിയ**
**കൊട്ടാരക്കര**

## യാഗനിർദ്ദേശങ്ങൾ

### (ലേവ്യ6:8-13)

യാഗപീഠത്തിലെ അഗ്നി അണഞ്ഞു പോകരുത്(6:13) പുരോഹിതന്മാരുടെ വലിയ ഉത്തരവാദിത്വമായിരുന്നു യാഗപീഠത്തിലെ തീ അണഞ്ഞു പോകാതെ സൂക്ഷിക്കുകയെന്നത്. ഉഷസ്സുതോറും അതിൽ വിറക് കത്തിച്ച് ഹോമയാഗം അടുക്കിവച്ച് അതിന്മീതെ സമാധാനയാഗങ്ങളുടെ മേദസ്സു ദഹിപ്പിക്കണം അതുപോലെ രാത്രി മുഴുവനും യാഗപീഠത്തിൽ തീ കത്തിക്കൊിരിക്കണം. അത് അർപ്പകന്റെ മനസ്സിൽ എപ്പോഴും ചൂടുള്ള ഓർമ്മ നൽകിക്കൊിരിക്കും. ഇതു തന്നെയാണ് കാൽവറി യാഗത്തെക്കുറിച്ചുള്ള ഓർമ്മ ഓരോ പുതിയനിയമ ഭക്തനും നൽകുന്നത്. രായിരത്തോളം വർഷമായിട്ടും ക്രിസ്തുവിന്റെ യാഗത്തെക്കുറിച്ചുള്ള ഓർമ്മ നമുക്ക് ഒരിക്കലും മനസ്സിൽ നിന്നും മായിച്ചു കളയാൻ കഴികയില്ല. ക്രൂശിക്കപ്പെട്ട കർത്താവിനെക്കുറിച്ചുള്ള ധ്യാനവും പരിശുദ്ധാത്മനിവേശിതമായ സ്തുതി സ്തോത്രങ്ങളുമാണ് ദൈവത്തിന് പ്രസാദമുള്ള ആരാധന. അത് ധ്യാനിക്കുന്തോറും കർത്താവിനോടുള്ള സ്നേഹം ഉള്ളിൽ കത്തി ജ്വലിക്കേതും പാപത്തിൽ നിന്നും, ലോകമോഹങ്ങളിൽ നിന്നും ഒഴിഞ്ഞു ജീവിക്കേതുമാണ്. തങ്ങളെത്തന്നെ യാഗമായി സമർപ്പിച്ച ഒരു ദൈവപൈതലിനു മാത്രമേ വിജയകരമായ ക്രിസ്തീയജീവിതം ചെയ്യാൻ കഴികയുള്ളൂ(റോമ12:12). വെണ്ണീർ വെടിപ്പുള്ള  സ്ഥലത്തേയ്ക്ക് മാറ്റണം(6:11)

പുരോഹിതൻ പഞ്ഞിനൂൽ അങ്കിയും കാൽച്ചട്ടയും ധരിച്ച് വെണ്ണീർ യാഗപീഠത്തിൽ നിന്നും മാറ്റുന്നു. പിന്നീട് വസ്ത്രം മാറി പാളയത്തിനു പുറത്തു വെടിപ്പുള്ള സ്ഥലത്തേയ്ക്ക് കൊുപോകുന്നു. വെണ്ണീർ യാഗത്തിന്റെ അവശേഷമാണ് . അതിനുപോലും ദൈവം ഇത്ര പ്രാധാന്യം കൊടുത്തിരിക്കുന്നത് ചിന്തനീയമാണ്. ഈ യാഗം എത്രമാത്രം ശ്രേഷ്ഠവും വിശുദ്ധവുമാണെന്ന് ഇത് വ്യക്ത

തുടർച്ച 11പേജിൽ


Oklahoma Malayali Pentecostal Fellowship
2019 OMPF/OPYF
SUMMER MEETINGS
speaker
Pr. Rajesh Mathew
Senior Pastor
Cornerstone Church, Cochin, Kerala
Aug 16th, 6:30 PM Revival Meeting
Aug 17th, 9:00 AM Talent Show
Aug 17th, 6:30 PM Revival Meeting
Aug 18th, 9:00 AM Common Worship
International Pentecostal Assembly (I.P.A.)
12221 Park Ave, Yukon, 73099
Coordinators:
Pr. Anish V. Lukose | 405-255-7884
Gino John | 405-410-5688 | opyfoko.com

മാക്കുന്നു. അതു മാത്രമല്ല ചാമ്പൽ പാളയത്തിനു പുറത്തേയ്ക്ക് കൊണ്ടുപോകുന്നതിനാൽ പാളയത്തിനു പുറത്ത് കഷ്ടമനുഭവിച്ച കർത്താവിനെ സദൃശീകരിക്കുന്നു. കർത്താവിന്റെ കഷ്ടാനുഭവങ്ങളെ കുറിച്ചുള്ള ഓർമ്മയാണ് കർതൃമേശ നൽകുന്നത്. പൗലോസിന്റെ വാക്കുകൾ ഇവിടെ സ്മർത്തവ്യമാണ്. അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേതിനും(ഫിലിപ്പിയർ3:10,11) എത്ര ശ്രേഷ്ഠമായ ആഗ്രഹം! നാം ഏവരും ആഗ്രഹിക്കേതും ഇതു തന്നെ അങ്ങനെയുള്ളവർക്ക് മാത്രമെ പാളയത്തിനു പുറത്ത് അവനുവേി കഷ്ടമനുഭവിക്കാൻ കഴിയൂ.

അന്യാഗ്നിഅരുത്(ലേവ്യ10:1)

ആരാധനയിൽ മാനുഷിക പ്രമാണങ്ങൾക്ക് തരിമ്പുപോലും സ്ഥാനമില്ല എന്നതാണ് നാദാബിന്റെയും അബീഹൂവിന്റെയും ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. ധൂപകലശം യാഗപീഠത്തിന്റെ അനുബന്ധ ഉപകരണം മാത്രമാണ്. അത് യാഗപീഠത്തിൽ നിന്നും തീ പകർന്നു കൊുപോകാൻ വേിയുള്ളതാണ്. അതിൽ ധൂപം അർപ്പിക്കുവാൻ വ്യവസ്ഥയില്ല. വ്യവസ്ഥപ്രകാരം ധൂപം അർപ്പിക്കുവാനുള്ള ധൂപപീഠം വിശുദ്ധസ്ഥലത്തു്. തിരുവെഴുത്തിലെ ഓരോ മാർമ്മിക സത്യങ്ങളും അതുപോലെ തന്നെ കാത്തുസൂക്ഷിക്കപ്പെടേതാണ്. ആത്മാവിലും സത്യത്തിലും നീതിയിലും വിശുദ്ധിയിലുമാണ് നാം ദൈവത്തെ ആരാധിക്കേത്. അതിനു പാരമ്പര്യങ്ങളോ, ആചാരാനുഷ്ഠാനങ്ങളോ ആവശ്യമില്ല. ദൈവക്രോധാഗ്നിയിൽ വെന്തുവെണ്ണീറായ ക്രിസ്തുവിന്റെ യാഗത്തെക്കുറിച്ചുള്ള പരിപാവനമായ ഓർമ്മയാണ് ഓരോ ക്രിസ്തുഭക്തന്റെയും ഹൃദയത്തിൽ അഗ്നിയായി കത്തിആത്മാവിലുള്ള ആരാധനയായിപരിണമിക്കേത് .

നാദാബും അബീഹൂവും ദൈവം കൽപ്പിച്ചതല്ലാതെ അഗ്നി ഉപയോഗിച്ച് അവിവേകം കാട്ടിയതിനാൽ യഹോവയുടെ സന്നിധിയിൽ നിന്നുംപുറപ്പെട്ട അഗ്നിയാൽ ദഹിച്ചു പോകാനിടവന്നു. ആത്മീക കാര്യങ്ങൾ ലാഘവ ബുദ്ധിയോടുകൂടി കാണുന്നവർക്കും തിരുവെഴുത്തിനോടു കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നവർക്കും ഇതൊരു മുന്നറിയിപ്പാണ്. ക്രൈസ്തവ സമൂഹങ്ങളിൽ നിലവിലിരിക്കുന്ന ആരാധനാ സമ്പ്രദായങ്ങൾ വചനവുമായി പുലബന്ധം പോലുമില്ലാത്തതാണ്. കെട്ടിച്ചമച്ച ആരാധനാക്രമങ്ങളും, അവയെ മനപാഠമാക്കിയ മാനുഷിക കൽപ്പനകളായി ഏറ്റുചൊല്ലുന്നതും ആത്മാവിലുള്ള ആരാധനയായി പരിഗണിക്കുവാൻ കഴികയില്ല. കർതൃമേശയെ കുർബ്ബാനയായി അർപ്പിക്കുന്നത് കേവലം പുറജാതിമതത്തിലെ ഒരു ആചാരം മാത്രമാണ്. കാൽവറിയിൽ നടന്ന പരമയാഗത്തിന്റെ ഓർമ്മയാണ് കർതൃമേശ നൽകുന്നത്. അതിനു വസ്തു മാറ്റം സംഭവിക്കുന്നില്ല. അത്




ഭക്ഷിക്കുന്നതിലൂടെ പാപമോചനം ലഭിക്കുന്നതുമില്ല. വ്യർത്ഥമായി ആരാധിക്കുന്നവരെ അഗ്നിയിറങ്ങി ദഹിപ്പിക്കാഞ്ഞത്ഇതു കൃപാകാലമായതുകൊു മാത്രമാണ്. അവർ മാനസാന്തരപ്പെടുമോ എന്നു കരുതിദൈവം ദീർഘക്ഷമ കാണിക്കുന്നു.

ഇത് യഹോവയ്ക്ക് അതിവിശുദ്ധമായ സൗരഭ്യവാസനായാഗമാണ്.

ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ എന്ന് വചനം ഉദ്ബോധിപ്പിക്കുന്നു. ആരാധനയിൽ രു കാര്യങ്ങളാണ് പ്രത്യേകം ശ്രദ്ധിക്കേത്. വിശുദ്ധനായ ദൈവത്തെ വിശുദ്ധിയിൽ ആരാധിക്കുക; മറ്റൊന്ന്, നാം അർപ്പിക്കുന്ന യാഗം ദൈവത്തിനു സുഗ്രാഹ്യമായിരിക്ക. ആറു ദിവസവും അശുദ്ധിയിൽ ജീവിച്ചിട്ട് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം ആരാധന അർപ്പിക്കുവാൻ ദൈവം ആവശ്യപ്പെടുന്നില്ല. ആറു ദിവസം ജീവിതത്തിൽ വിശുദ്ധി കാത്തുസൂക്ഷിക്കുന്നവർക്ക് മാത്രമെ ദൈവത്തിനു പ്രസാദകരമായ ആരാധന അർപ്പിക്കുവാൻ കഴിയുകയുള്ളൂ യെശയ്യാവ് സ്വർഗ്ഗീയ ദർശനം കാണുമ്പോൾ സൈന്യങ്ങളുടെ ദൈവമായ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് മൂന്നു പ്രാവശ്യം ആവർത്തിച്ച് പറയുന്നു. കെരൂബുകളും സാറാഫുകളും എത്രമാത്രം ഭയഭക്തി ബഹുമാനത്തോടെയാണ് ദൈവത്തെ ആരാധിക്കുന്നത്. രു ചിറകുകൾകൊു മുഖം മൂടിന്നത് തേജോമയനായ ദൈവത്തിന്റെ തേജസ്സിൽ നിന്നും തങ്ങളെത്തന്നെ മറയ്ക്കുകയാണ്. രുകൊ് പാദം മൂടുന്നത് അശുദ്ധിലേശംപോലും പാടില്ല എന്ന അർത്ഥത്തിലും, രുകൊ് പറക്കുന്നത് നിരന്തരമായ ആരാധന കഴിക്കുന്നതിലാണ് ദൈവം പ്രസാദിക്കുന്നത് എന്ന നിലയിലുമാണ്.

ഇത് നിരന്തര ഹോമയാഗമാണ്.

ഹോമയാഗം നിരന്തരം അർപ്പിക്കേതിനെക്കുറിച്ചും തിരുവെഴുത്തു പറയുന്നു(പുറ29:38-42) രാവിലെ ഒൻപതു മണിക്കും വൈകിട്ട് മൂന്നു മണിക്കും ഓരോ ആട്ടിൻകുട്ടിയെ യാഗമായി അർപ്പിക്കണം. അത് ദൈവത്തിനു സൗരഭ്യവാസനയായ യാഗമാണ്. നമ്മുടെ കർത്താവ് ക്രൂശിൽ കിടന്ന സമയം ആറു മണിക്കൂർ അന്ധകാരത്തിൽ താൻ അനുഭവിച്ച രഹസ്യവ്യഥയുമാണ്. പാപിക്കുവേി പ്രാണവേദനയിൽ പിടഞ്ഞു മരിക്കുമ്പോൾ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത് എന്ന് ഉറക്കെ നിലവിളിച്ചത് നമ്മുടെ നരകവേദനയുടെ മൂർദ്ധന്യാവസ്ഥയിലാണഅ. ഇനി നാം നരകയാതന അനുഭവിക്കേതില്ല. അതു സ്വർഗ്ഗം പ്രസാദിച്ച യാഗമായതിനാൽ നമുക്കും ആ നിലയിൽ ദൈവത്തെ ആരാധിക്കാം.


Available on the iPhone App Store
ANDROID APP ON Google play

the END TIME NEWS
VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

Reg no :
TVM/TC/1717/2014
Established :USA
Published from :
India, Kerala, TVM

# സിയോൻ കാഹളം നവീകരിച്ച ഓഫീസിന്റെ ഉദ്ഘാടനവും ആദ്യ പതിപ്പിന്റെ പ്രകാശനവും നടന്നു.

ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ ഔദ്യോഗിക നാവായ സിയോൻ കാഹളത്തിന്റെ നവീകരിച്ച ഓഫീസ് ഉദ്ഘാടനം 2019-2022 കാലഘട്ടത്തിലെ സിയോൻ കാഹളം മാസികയുടെ ആദ്യ പതിപ്പിന്റെ പ്രകാശനവും ജൂലൈ 30 ന് ഹെബ്രോൻപുരത്ത് നടന്നു.

ചെയർമാൻ പാസ്റ്റർ തോമസ് മാത്യൂ ചാരുവേലി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഐ പി സി കേരളാ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ സി സി എബ്രഹാം നവീകരിച്ച ഓഫീസിന്റെ ഉദ്ഘാടനം നിർവഹിച്ചു.

പാസ്റ്റർ രാജു പൂവക്കാല ഓഫീസ് പ്രാർത്ഥിച്ചു സമർപ്പിച്ചു. ആദ്യ കോപ്പി ഐ പി സി ജനറൽ സെക്രട്ടറി പാസ്റ്റർ കെ സി ജോൺ ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫിന് നൽകി പ്രകാശനം നടത്തി. ഐ പി സി മിസോറാം സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ ജോൺ എസ് മരത്തിനാൽ ഡിജിറ്റൽ പതിപ്പിന്റെ പ്രകാശനം നിർവഹിച്ചു.

2019-2022 മാസികയുടെ ആദ്യ വരിസംഖ്യ പാസ്റ്റർ കെ സി ജോൺ നൽകുകയും പാസ്റ്റർ വിൽസൺ ജോസഫ് അഞ്ചു വർഷത്തെ വരിസംഖ്യയും, പാസ്റ്റർ ജോൺ എസ് മരത്തിനാൽ ആയുഷ്കാല വരിസംഖ്യയും നൽകി.

സിയോൺ കാഹളം ബോർഡിന്റെ സെക്രട്ടറി ബിനോയ് ഇടക്കല്ലൂർ സ്വാഗത പ്രസംഗം നടത്തി. ചീഫ് എഡിറ്റർ അജി കല്ലുങ്കൽ പ്രവർത്തന വിശദീകരണം നൽകി. ട്രഷറർ ജസ്റ്റിൻ രാജ് നന്ദി പ്രകാശിപ്പിച്ചു.

ഐ പി സി കേരളാ സ്റ്റേറ്റ് ജെ. സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ, പാസ്റ്റർ പി എ മാത്യൂ, ഐ പി സി സംസ്ഥാന ട്രഷറർ പി എം ഫിലിപ്പ്, ജോ. സെക്രട്ടറി കുഞ്ഞച്ചൻ വാളകം, സണ്ണി മുളമൂട്ടിൽ, കുര്യൻ ജോസഫ്, കെ റ്റി ജോഷ്വാ, ബോബി തോമസ് എന്നിവർ ആശംസകൾ അറിയിച്ചു.

കൗൺസിൽ അംഗങ്ങളായ പാസ്റ്റർ ജോൺ റിച്ചാർഡ്, പാസ്റ്റർ രാജു ആനിക്കാട്, പാസ്റ്റർ എം ഐ കുര്യൻ, പാസ്റ്റർ ബാബു തലവടി, പാസ്റ്റർ ജോസ് കെ എബ്രഹാം, പാസ്റ്റർ ചാക്കോ ദേവസ്യാ, പാസ്റ്റർ സാം പനച്ചയിൽ, പി വൈ പി എ സംസ്ഥാന വൈസ് പ്രസിഡന്റ് പാസ്റ്റർ സാബു ആര്യപ്പള്ളിൽ, പാസ്റ്റർ സജി കാനം, തിരുവല്ല സെന്റർ ട്രഷറർ ബ്രദർ റോയി ആന്റണി,പി വൈ പി എ പബ്ലിസിറ്റി കൺവീനർ പാസ്റ്റർ തോമസ് ജോർജ്ജ് കട്ടപ്പന, പാസ്റ്റർ വിക്ടർ മലയിൽ, കേരളത്തിലെ വിവിധ സെന്ററുകളിൽ നിന്നും എത്തിച്ചേർന്ന ദൈവദാസൻമാരും, സഹോദരൻമാരും, ഹെബ്രോൻ പി ജി അദ്ധ്യാപകരും, വിദ്യാർത്ഥികളും പങ്കെടുത്തു.

Available on the iPhone App Store
ANDROID APP ON Google play
theendtimenews.com




printed,published and owned by harvestingsoulsmission,chief editor Baiju Yacob

Share on